# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1761

17/06/2013 - ൽ മറുപടിക്ക്

## ബോൾഗാട്ടി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എ.കെ. ബാലൻ** | **ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)** |
| എ) ബോൾഗാട്ടി പദ്ധതിക്ക് ആഗോള തലത്തിൽ ടെണ്ടർ വിളിച്ചിരുന്നോ; എങ്കിൽ ആരൊക്കെ ടെണ്ടറിൽ പങ്കാളിയായിരുന്നെന്നും ടെണ്ടർ തുക എത്രയെന്നും വ്യക്തമാക്കുമോ; | എ) ബോൾഗാട്ടി പദ്ധതിക്കായി കൊച്ചിൻ പോർട്ട് ട്രസ്റ്റ് ടെൻഡർ ക്ഷണിക്കുകയുണ്ടായി. ടെൻഡർ, Times of India, Malayala Manorama എന്നീ പത്രങ്ങളിലും കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ വെബ്സൈറ്റിലും നോട്ടീസ് ബോർഡുകളിലും പ്രസിദ്ധീകരിക്കുകയും ചെയ്യുകയുണ്ടായി. കൂടാതെ പ്രമുഖ നിക്ഷേപകരായ Leela Group, Taj Group, Oberoi Group, ITDC എന്നിവർക്ക് കൊച്ചിൻ പോർട്ട് ട്രസ്റ്റ് കത്ത് എഴുതുകയും, നിക്ഷേപകരായ Casino Group, the Synthite Group, Chatwal Group എന്നിവരെ പോർട്ട് ഓഫീസർ നേരിട്ട് ബന്ധപ്പെടുകയുമുണ്ടായി.<br>എന്നാൽ ശ്രീ. യൂസഫ് അലിയുടെ ടെൻഡർ മാത്രമാണ് ലഭിച്ചത്. പ്രസ്തുത ടെൻഡർ 21/08/2010 ൽ തുറക്കുകയും വകുപ്പ് നിശ്ചയിച്ച തുകയേക്കാൾ ഹെക്ടറിന് 22.99 % അധിക തുക ചേർത്ത് ആയത് മൊത്തം ₹ 71,37,66,000/- ടെൻഡറിൽ രേഖപ്പെടുത്തുകയുണ്ടായി. |
| ബി) ടെണ്ടർ നടപടികൾക്ക് ശേഷം നിബന്ധനകളിൽ മാറ്റം വരുത്തിയിരുന്നോ; | ബി) ഇല്ല |
| സി) മാറ്റിയിട്ടുണ്ടെങ്കിൽ ഈ നിബന്ധന ടെണ്ടറിൽ പങ്കാളികളായ എല്ലാവരെയും അറിയിച്ചിരുന്നോ; | സി) ബാധകമല്ല |

| | | | |
|---|---|---|---|
| ഡി) | ആഗോളതലത്തിൽ ഒറ്റ ടെണ്ടർ മാത്രം വന്നാൽ റീ - ടെണ്ടർ വിളിക്കണമെന്ന് വ്യവസ്ഥ നിലവിലുണ്ടോ; | ഡി) | വ്യക്തമായ വ്യവസ്ഥ നിലവിലില്ല |
| ഇ) | എങ്കിൽ ഈ വ്യവസ്ഥ പ്രസ്തുത ടെണ്ടറിൽ പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്; | ഇ) | |
| എഫ്) | ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ? | എഫ്) | ഉണ്ട്. ബഹു. ഹൈക്കോടതി മുമ്പാകെ WP(C) 36882/10 നമ്പർ പൊതു താല്പര്യ ഹർജി ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഹർജി Admission phase ൽ ചീഫ് ജസ്റ്റിസുൾപ്പെടുന്ന Division Bench 25/01/2011 ൽ തീർപ്പാക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ.